# നിർമ്മാണ പ്രവർത്തനങ്ങൾ










പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ കുട്ടികളെ പഠനത്തിൽ സജീവമായിരിക്കുവാനും ക്രീയാത്മകമായി നിലനിർത്താനും ഏറെ സഹായിച്ചു.






# ഗണിതലാബ് പ്രവർത്തനങ്ങൾ

**ഓൺലൈൻ കാലത്ത് കുട്ടികളെ ഗണിതത്തിൽ തല്പരരാക്കുന്നതിനും ഗണിതാശങ്ങൾ ശരിയായ വിധത്തിൽ ഗ്രഹിക്കുന്നതിനും ഏറെ സ്വാധീനിച്ച പ്രവർത്തനമായിരുന്നു ഗണിതലാബ് പ്രവർത്തനങ്ങൾ . വീട്ടിലൊരു ഗണിതലാബ് ഒരുക്കാൻ രക്ഷിതാക്കളുടെ സഹായത്തോടെ സാധിച്ചു. ഇതിനായി രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി അധ്യാപകർ സ്കൂളിൽ ഗണിതലാബ് ഒരുക്കി അതിന്റെ വീഡിയോ കുട്ടികൾക്ക് അയച്ചു നൽകി. ഇതേ മാതൃകയിൽ ഗണിതലാബൊരുക്കുവാനായി BRC വിതരണം ചെയ്ത ഗണിത കിറ്റ് വിതരണം ചെയ്തു. ഇതേ തുടർന്നു അധ്യാപകർ വ്യത്യസ്ത പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകി**









# ഗണിത വിജയം / ഉല്ലാസ ഗണിതം ശില്പശാലകൾ





കുട്ടികളിൽ സംഖ്യാബോധം, ഗണിതാശയങ്ങൾ എന്നിവ ഉറപ്പിക്കുവാനും ഗണിതത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളുടെ നിലവാരമുയർത്തുവാനുമായി SSK ആസൂത്രണം ചെയ്തിട്ടുള്ള ഗണിത വിജയം / ഉല്ലാസ ഗണിതം പരിപാടികളിൽ വേണ്ട പഠനോപകരണങ്ങൾ നിർമ്മിക്കുവാനായി അമ്മമാരുടെ ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി

## സ്വാതന്ത്ര്യദിനാഘോഷം

**കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങൾ ഉള്ളതിനാൽ സ്കൂളിൽ എത്തിപ്പെടാനോ പതാകയുയർത്തലിൽ പങ്കു ചേരാനോ കുട്ടികൾക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് തന്നെ ഓൺലൈൻ പരിപാടികളാണ് ആസൂത്രണം ചെയ്തത്.**

**രാവിലെ 8.30 ന് തന്നെ HM മണിയമ്മടീച്ചറും ഒന്നു രണ്ടു അധ്യാപകരും PTA പ്രതിനിധികളും സ്കൂളിലെത്തുകയും പതാകയുയർത്തുകയും മധുരവിതരണം നടത്തുകയും ചെയ്തു. ഇതിന്റെ വീഡിയോയും ഫോട്ടോയും ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതിനു ശേഷം 9 മണിക്ക് ക്ലാസ് തല സ്വാതന്ത്ര്യദിനാഘോഷങ്ങൾ നടന്നു. Hm, PTA പ്രസിഡന്റ്, തുടങ്ങിയവരുടെ സന്ദേശങ്ങളും കുട്ടികൾ അവതരിപ്പിച്ച പ്രത്യേക അസംബ്ലി, പ്രസംഗങ്ങൾ, ദേശഭക്തി ഗാനങ്ങൾ, നൃത്തങ്ങൾ, സ്വാതന്ത്ര്യദിന ഫാമിലിക്വിസ് (വാട്ട്സ് ആപ്പിലൂടെ) തുടങ്ങിയവ ഇതോടനുബന്ധിച്ച് നടത്തുകയുണ്ടായി . രാവിലെ 9 മണി മുതൽ രാത്രി വരെ പരിപാടികൾ നീണ്ടു നിന്നു . സ്വതന്ത്ര്യ സമര സേനാനികളുടെ വസ്ത്രം ധരിച്ച് കുട്ടികളെത്തിയത് വളരെ മനോഹരമായ കാഴ്ചകളായിരുന്നു. എല്ലാറ്റിനും നേതൃത്വം നൽകിയ രക്ഷിതാക്കളെ സ്നേഹപൂർവം വിദ്യാലയത്തോട് ചേർത്ത് പിടിക്കുന്നു.**











+6


FREEDOM IN THE MIND
FAITH IN THE WORDS
PRIDE IN OUR SOULS
LET'S SALUTE THE NATION ON THE INDEPENDENCE DAY!
15 August


0:40
1:10
0:13
1:59
1:12
0:26
0:25
1:57
3:57
1:58
1:22
0:58
0:59
2:34
Select larger area.
5:13


15th August
Independence Day
18:54
HAPPY
INDEPENDENCE DAY


July 21
Moon Day
Siral ahammed


ഫാമിലി ക്വിസ്
75
CERTIFICATE
Happy
Independence Day





ആശംസകളോടെ
എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന
ഈ അവസരത്തിൽ നാലാം ക്ലാസിലെ
കൂട്ടുകാർ സ്വാതന്ത്ര്യദിന പതിപ്പ് ഓൺലൈനായി
പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ
സന്തോഷം . സ്കൂളുകളിൽ പോകുവാനും കൂട്ടുകാരുമായി
കൂട്ടുകൂടുവാനോ ആകാതെ വീടിനുള്ളിൽ കഴിയേണ്ടി
വരുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് ഭാരത സംസ്കാരവും
ചരിത്രവും പോരാട്ടങ്ങളെയും അടുത്തറിയുവാവാൻ
ഇത്തരത്തിലുള്ള സംരംഭങ്ങൾ വഴിയൊരുക്കും എന്ന
കാര്യം തീർച്ചയാണ്. ഇതിന് നേതൃത്വം നൽകിയ
നാലാം ക്ലാസിലെ അധ്യാപകർക്ക് ആശംസകൾ
സ്നേഹപൂർവം —
മറിയമ്മ ടീച്ചർ



# SRG യോഗങ്ങൾ

**കുട്ടികൾക്ക് നൽകുന്ന പഠന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് മെച്ചപ്പെടുത്തുവാനും പരിഹാര ബോധനതന്ത്രങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തുവാനും അടിക്കടി ഓൺലൈൻ SRG മീറ്റിങ്ങുകൾ നടത്തേണ്ടി വന്നു. മീറ്റിങ്ങുകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അധ്യാപകർക്ക് താന്താങ്ങളുടെ ക്ലാസ്റൂം പ്രവർത്തനങ്ങളും മറ്റും മെച്ചപ്പെടുത്തുവാനുള്ള ഉൾകാഴ്ച നൽകി. ഓഫ് ലൈൻ ക്ലാസുകളിലേതിനേക്കാൾ കൂടുതൽ SRG യോഗങ്ങൾ നടന്നത് കോവിഡ് കാലത്താണ് . SRG യിൽ ഓരോ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളെ വിശകലനം ചെയ്ത്  പുതിയ പരിഹാര രീതികൾ കണ്ടെത്തി ഇത് PTA എക്സിക്യൂട്ടിവ് കൂടി തീരുമാനിച്ച് മുന്നോട്ട് പോകുന്ന രീതിയാണ് പൊതുവിൽ സ്വീകരിച്ചത്.**




ഏറ്റവും കൂടുതൽ SRG യോഗങ്ങൾ നടന്നിരിക്കുന്നത് ഈ കാലയളവിലാണ്

മുന്നിൽ മാതൃകകൾ  ഇല്ലാത്തതിനാൽ സ്വയം പഠന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുവാൻ ,പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ, സഹപ്രവർത്തകരുടെ മെച്ചപ്പെട്ട പഠനരീതികൾ ബോധന മാതൃകകൾ പരസ്പരം മനസിലാക്കുവാൻ ഇത്തരം യോഗങ്ങൾ സഹായിച്ചു. **രക്ഷകർത്താക്കൾ ഞങ്ങൾക്കൊപ്പം എല്ലാറ്റിനും കൂടെ നിന്നു.**

( Refer അനുബന്ധം - 2 )

# ഓൺലൈൻ അസംബ്ലികൾ

ഗൂഗിൾ മീറ്റ് സങ്കേതം പരിചയപ്പെട്ടതോടു കൂടി ഓൺലൈൻ അസംബ്ലി നടത്തിപ്പിലേക്ക് കടന്നു. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന, കഥ, കവിത, കുട്ടികളുടെ വിവിധ കഴിവുകൾ പ്രകടമാക്കാൻ അവസരം നൽകികൊണ്ട് അസംബ്ലി നടത്തി. കുട്ടികൾക്ക് തങ്ങളുടെ വിവിധ ശേഷികൾ പ്രകടിപ്പിക്കുവാനുള്ള അവസരം ഇത്തരം അസംബ്ലികൾ അവസരം നൽകി.




News reading videos




Virtual assembly STD 1 2021







# you Tube ചാനലുകൾ





കുരുന്നുകൾക്ക് വായനയ്ക്കു പ്രാധാന്യവും താല്പര്യവും പകർന്നു നൽകുവാൻ you Tube ചാനൽ ആരംഭിച്ചു.

# പഠനം ക്രിയാത്മകമാക്കുവാൻ ഉപയോഗിച്ച മറ്റ് ഡിജിറ്റൽ സങ്കേതങ്ങൾ










## ഫീൽഡ് ട്രിപ്പ് / പഠന യാത്ര വിശദാംശങ്ങൾ


 കോവിഡ് കാലത്ത് പഠന യാത്രകൾക്ക് വിലക്കുണ്ടായിരുന്നെങ്കിലും ജനുവരി , ഫെബ്രുവരി മാസങ്ങളിലായി കൃഷിയിടങ്ങൾ സന്ദർശിച്ചു. രക്ഷിതാക്കളും കുട്ടികളോടൊപ്പം വന്നു എന്നതായിരുന്നു വലിയ സന്തോഷം







# ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

കുട്ടികളിലെ കലാപരമായ സവിശേഷ കഴിവുകൾ വളർത്തിയെടുക്കാനായി വിവിധ വാട്ട്സ് ആപ്പ്ഗ്രൂപ്പുകൾ (കഴിവുകൾകനുസരിച്ച്) സൃഷ്ടിച്ച് അത്തരം ഗ്രൂപ്പുകളിൽ പ്രവർത്തനം നൽകി. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും ആശയവിനിമയ ശേഷി വർദ്ധിപ്പിക്കാനായി Fun English group, എഴുത്തുകൂട്ടം, വിദ്യാരംഗം കലാസാഹിത്യവേദി, ചിത്രരചനാഗ്രൂപ്പ് , തുടങ്ങിയ ഗ്രൂപ്പുകൾ നിലനിൽക്കുന്നു. ഇത്തരം ഗ്രൂപ്പുകളിൽ കുട്ടികൾ അവരുടെ വ്യത്യസ്തമായ കഴിവുകൾ പങ്കുവയ്ക്കുന്നു. മറ്റ് കുട്ടികൾക്ക് പ്രോൽസാഹനവും പ്രേരണയും നൽകാൻ ഇത്തരം പ്രവർത്തനങ്ങൾക്കാവുന്നുണ്ട്.














# സ്കോളർഷിപ്പ് പരീക്ഷ (LSS)

സബ്ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് LSS ലഭിക്കുന്ന സ്കൂളാണ് ഗവ. മോയൻ എൽ പി സ്കൂൾ . ഒന്നാം പാദ മൂല്യനിർണയ പരീക്ഷയിൽ A grade കിട്ടുന്ന എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് പരിശീലനം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ മികവ് പ്രകടിപ്പിക്കുന്നവരെ പരീക്ഷയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. LSS സ്കോളർഷിപ്പ് കിട്ടുക എന്നതിലുപരി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വരെ സംഭാവന ചെയ്യുക എന്ന മഹത് കർമ്മവും സ്കൂൾ നിർവഹിക്കുന്നു. 2021 ൽ 29 കുട്ടികൾക്കും, 2021-22 വർഷത്തിൽ 19 കുട്ടികൾക്കു LSS ലഭിച്ചു. ജൂൺ മാസത്തിലെ മാസാന്ത്യ പരീക്ഷയ്ക്ക് ശേഷം എ ഗ്രേഡ് നേടിയ കുട്ടികളെ തെരെഞ്ഞെടുത്തു എൽ എസ് എസ് പരിശീലനം നൽകി. പ്രവർത്തി ദിവസങ്ങളിൽ ഒന്നര മുതലും അവധി ദിവസങ്ങളിലും പരിശീലനം നൽകി. PTA യുടെ സഹായത്തോടെ കുട്ടികൾക്ക് ലഘുഭക്ഷണം പഠനോപകരണങ്ങൾ എന്നിവ നൽകി.




IS YOU.





# പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾ


(ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ, രോഗികൾ, പട്ടികജാതി - പട്ടിക വർഗ്ഗ കുട്ടികൾ എന്നിവർക്കായി പി ടി എ നടത്തുന്ന പ്രത്യേക പരിപാടികൾ)

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ഒരു റിസോഴ്സ് അധ്യാപിക ഉണ്ട്. അവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക. മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക . സാമ്പത്തിക സഹായം ലഭ്യമാക്കുക. കണ്ണട, ഹിയറിംഗ് എയ്ഡ്, ഷൂ തുടങ്ങിയവ ലഭ്യമാക്കുക, അഡാപ്റ്റഡ് റ്റോയ്‌ലെറ്റ് റാമ്പ് ആന്റ് റെയിൽ. തെറാപ്പി സെന്റർ എന്നിവ നിർമ്മിക്കുക തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കി. സാമ്പത്തിക സഹായം ആവശ്യമായ കുട്ടികൾക്ക് ധനസഹായം നൽകി . എസ് സി , എസ് ടി ഗ്രാന്റ്, മൈനോറിറ്റി സ്കോളർഷിപ്പ് , OBC സ്കോളർഷിപ്പ് , സ്നേഹപൂർവ്വം സ്കോളർഷിപ്പ് എന്നിവ അർഹരായ കുട്ടികൾക്ക് ലഭ്യമാകുത്തതിനുള്ള നടപടികൾ സ്വീകരിച്ചു.










B612


World Environment Day








30-04-2022 11:00




# പ്രദർശനങ്ങൾ





ചിത്രരചനാ
പ്രദർശനം





## നാടൻ ഭക്ഷ്യവസ്തുക്കളുടെ പ്രദർശനം





